The Heavenly Light Ministry

ഞാൻ യഹോവയെ എല്ലാ നാളിലും വാഴ്ത്തീടും
തൻ സ്തുതി എപ്പോഴും എൻ നാവിന്മേലുണ്ട്
എന്റെ ഉള്ളം യാഹിൽ പ്രശംസിച്ചീടുന്നു
എന്റെ മാനസം പ്രീയനിൽ ആനന്ദിക്കുന്നു

തന്നിൽ മാത്രം നോക്കിടുന്നോർ ശോഭിതരായ് തീരും
ആയവർ മുഖം തെല്ലും ലജ്ജിക്കയില്ല ... എന്റെ
യാഹ് നല്ലവൻ അതെ ആസ്വദിച്ചറിവിൻ
തന്നിലാശ്രയിച്ചിടുന്നോർ ഭാഗ്യമേറിയോർ ... എന്റെ

നീതിമാന്മരിൻഅപേക്ഷ കേട്ടിടുന്നീ ദൈവം
കഷ്ടതയിലുറ്റ സഖി ഉദ്ധരിക്കുന്നോൻ ... എന്റെ
മാനസം തകർന്നവർക്ക് രക്ഷ നൽകും ദൈവം
ദുഃഖിതർക്കാശ്വാസമേകാൻ കൂടെയുണ്ടെന്നും ... എന്റെ

നീതിമാന്മാരിൽ അനർത്ഥം ഏറി വന്നെന്നാലും
നീക്കുപോക്കു നൽകീടുന്നീ നിത്യനാം ദൈവം ... എന്റെ
ലോകത്തിൻ പ്രഭുക്കളിൽ ഞാനാശ്രയം വെയ്ക്കില്ല
എൻ ദൈവം എന്നാശ്രയം അതെത്രയുത്തമം ... എന്റെ